॥ ओ३म् ॥

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!


പുസ്തകം : 12

ലക്കം : 5

സൃഷ്ടി സംവത്സരം 1972949126 കലിവർഷം 5126 വൈദിക സൗരമാസം : സഹസ് – സഹസ്യ
ചാന്ദ്രമാസം : കാർത്തികം – മാർഗ്ഗശീർഷം, കൊല്ലവർഷം 1200 വൃശ്ചികം – ധനു 2024 നവംബർ

വാർഷിക വരിസംഖ്യ : ₹ 125/-

ദീർഘകാലം : ₹ 1500/-




## ഭായ് പരമാനന്ദ് (1876 – 1947)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

| | |
|---|---|
| നവംബർ 4 | : ഭായ് പരമാനന്ദ് ജന്മദിനം |
| നവംബർ 14 | : മഹാത്മാ ഹംസരാജ് നിർവാണദിനം |
| നവംബർ 16 | : ആചാര്യ നരേന്ദ്രഭൂഷൺ നിർവാണദിനം |
| നവംബർ 17 | : ലാലാ ലജ്പത്റായ് നിർവാണദിനം |
| നവംബർ 27 | : ജതീന്ദ്രദാസ് ജന്മദിനം |
| നവംബർ 30 | : പഴശ്ശിരാജ രക്തസാക്ഷിദിനം |

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 15**

ഇനി ഋതുക്കളോടൊപ്പം വിദ്യുത്, അഗ്നി എന്നിവ എന്തുചെയ്യുന്നു എന്ന വിഷയത്തെക്കുറിച്ചുള്ള ഉപദേശം അടുത്ത മന്ത്രത്തിൽ നൽകുന്നു.

**കാണ്വോ മേധാതിഥിർ ഋഷി I ത്വഷ്ടാ ദേവതാ I**

**ഗായത്രീ ഛന്ദഃ I ഷഡ്ജഃ സ്വരഃ II**

**അഭി യജ്ഞം ഗൃണീഹി നോ ഗ്നാവോ നേഷ്ടഃ പിബ ഋതുനാ I**

**ത്വം ഹി രത്നധാ അസി II (ഋഗ്വേദം : 1.15.3)**

**പദാർത്ഥം:** ഈ (നേഷ്ടഃ) ശുദ്ധി, പുഷ്ടി തുടങ്ങിയവയുടെ ഹേതുവായി എല്ലാ പദാർത്ഥങ്ങൾക്കും പ്രകാശം നൽകുന്ന വൈദ്യുതി (ഋതുനാ) ഋതുക്കളുടെ കൂടെ രസത്തെ (പിബ) കുടിക്കുന്നു. അതേപോലെ (ഹി) ഏതു കാരണത്താലാണോ (രത്നധാഃ) ഉത്തമപദാർത്ഥങ്ങളെ ധാരണം ചെയ്യുന്ന (അസി)താകുന്നത്. (ത്വമ്) അതാകുന്നത് (ഗ്നാവഃ) സർവ്വപദാർത്ഥങ്ങളേയും പ്രാപ്തമാക്കുന്ന (നഃ) നമ്മുടെ ഈ (യജ്ഞമ്) യജ്ഞത്തെ (അഭിഗൃണീഹി) എല്ലാപ്രകാരത്തിലും ഗ്രഹിക്കുന്നു. അതിനാൽ നിങ്ങൾ ഇതിൽ നിന്ന് സർവ്വകാര്യങ്ങളും സിദ്ധിച്ചാലും.

**ഭാവാർത്ഥം:** ഈ വൈദ്യുതി അഗ്നിയുടെ സൂക്ഷ്മ അവസ്ഥയാണ്. അതിനാൽ സർവ്വസ്ഥൂല പദാർത്ഥങ്ങളുടെ അവയവയങ്ങളിൽ വ്യാപ്തമായി അവക്ക് ധാരണയും ഛേദനവും ചെയ്യുന്നു. ഇതിൽ നിന്ന് ഈ പ്രത്യക്ഷമായ അഗ്നി ഉൽപ്പന്നമായി അതിൽ വിലയം പ്രാപിക്കുന്നു.

(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്. തർജ്ജമ: കെ. എം. രാജൻ മീമാംസക്) (തുടരും)

അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)

ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 12 ലക്കം 05

സൃഷ്ടി സംവത്സരം 1972949126 കലിവർഷം 5126, വൈദിക സൗരമാസം : സഹസ് – സഹസ്യ

ചാന്ദ്രമാസം : കാർത്തികം – മാർഗ്ഗ ശീർഷം, കൊല്ലവർഷം : 1200 വൃശ്ചികം – ധനു 2024 നവംബർ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ മീമാംസക്
**ഉപദേശക സമിതി**
പുരുഷോത്തമൻ ആര്യ
വി. ഗോവിന്ദ ദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ, എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ.
**വ്യവസ്ഥാപകൻ**: കെ. ഉണ്ണികൃഷ്ണൻ


### താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ? | 7 |
| ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ | 8 |
| ജീവിതം ഒരലയാഴി | 9 |
| വൈദിക ഗണപതി | 10 |
| വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം | 12 |
| ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം | 13 |
| ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ? | 16 |
| ഗുണപാഠ കഥകൾ | 18 |
| സരസ്വതീവന്ദനം | 19 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
Ph : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആര്യസമാജം കേരളത്തിൽ (തുടർച്ച......)



മാനസിക സമ്മർദ്ദം അനുഭവിക്കുന്നവർക്ക് സാന്ത്വനം നൽകുന്നതിനായി വെള്ളിനേഴി ആര്യസമാജത്തിന്റെ ഒരു സൗജന്യ കൗൺസിലിംഗ് കേന്ദ്രം 'പ്രത്യാശ ആര്യ സമാജം കൗൺസിലിംഗ് സെന്റർ' 2021 ജൂലൈ 18 ന് വെള്ളിനേഴിയിൽ പ്രവർത്തന മാരംഭിച്ചു. മുൻ കേരള DGP യായിരുന്ന ഡോ. ജേക്കബ് തോമസാണ് കോവിഡ് ഭീഷണി നിലനിന്നിരുന്ന കാലഘട്ടത്തിൽ ഓൺലൈനായി ഈ കേന്ദ്രം ഉദ്ഘാടനം ചെയ്തത്. കുടുംബ പ്രശ്നങ്ങൾ അനുഭവിക്കുന്നവർ, പഠന വൈകല്യമുള്ളവർ, വിവാഹപൂർവ്വ കൗൺസിലിംഗ് തുടങ്ങി വിവിധ തരത്തിലുള്ള കൗൺസിലിംഗ്, വിദഗ്ധരുടെ നേതൃത്വത്തിൽ ഇവിടെ സൗജന്യമായി നടന്നു വരുന്നു.

1921 ലെ മാപ്പിള ലഹളയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിൽ

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**

**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

വിവിധ സ്ഥലങ്ങളിൽ ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാര്യപരിപാടികൾ നടത്തി. '1921; മലബാറും ആര്യസമാജവും' എന്ന പുസ്തകം 2021 ആഗസ്റ്റ് 19 ന് കോഴിക്കോട് കേസരി ഹാളിൽ വെച്ച് പ്രമുഖ രാഷ്ട്രീയ -സാമൂഹ്യ പ്രവർത്തകനായ ശ്രീ. രാം മാധവ് പ്രകാശനം നടത്തി.

2022 ജനുവരി 13 ന് പ്രമുഖ സിനിമാനിർമ്മാതാവ് ശ്രീ. അലി അക്ബറും പത്നിയും വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടത്തിയ ശുദ്ധിക്രിയയിലൂടെ വൈദികധർമ്മം സ്വീകരിച്ചു. രാമസിംഹൻ എന്ന പുതിയ പേരും അദ്ദേഹം സ്വീകരിച്ചു.

2022 മാർച്ച് 20 ന് പെരുമ്പാവൂർ ആര്യസമാജം രൂപീകരിച്ചു. കേന്ദ്ര സായുധ സേനകളിലേക്ക് യുവാക്കളെ റിക്രൂട്ട്മെന്റ് ചെയ്യുന്ന പദ്ധതിയായ അഗ്നിപഥ് സ്കീമിലേക്ക് ചേരാനുള്ള ഒരു സൗജന്യപരിശീലനം 'ആര്യസമാജം അഗ്നിപഥ് ഹെൽപ്പ് ഡെസ്ക്' എന്ന പേരിൽ 2022 ജൂലൈ 13 ന് കാറൽമണ്ണ വേദഗുരുകുലത്തിൽ ആരംഭിച്ചു. കേണൽ (റിട്ട.) എം. അച്ചുതന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ റിയർ അഡ്മിറൽ (റിട്ട.) കെ. മുരളീധരൻ, NM ഈ പരിശീലനപദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

(തുടരും)

\- പത്രാധിപർ


**ദയാനന്ദ സന്ദേശം മാസിക**

സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം,
ആര്യധർമ്മത്തിന്റെ പാഞ്ചജന്യം.

വായിക്കുക.......................പ്രചരിപ്പിക്കുക..............വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500 /-

വരിസംഖ്യ അയക്കേണ്ട വിധം

Account Name : Dayananda Sandesam

Account No : 4264000100072426, Punjab National Bank Cherpalcheri


ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.

(മുൻലക്കത്തിന്റെ തുടർച്ച)



# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

താഴെ കൊടുത്ത ടിപ്പണി സംസ്കൃതപാഠത്തിന് വിരുദ്ധമായ ഭാഷാനുവാദത്തെ പുഷ്ടിപ്പെടുത്തുന്നു. മുകളിൽ കൊടുത്ത ഭാഷാനുവാദത്തിന്റെ മൂലസംസ്കൃതപാഠം ഋഗ്വേദാദി ഭാഷ്യഭൂമികയുടെ നാലാമത്തെ കൈയെഴുത്തു പ്രതിയിൽ ഉണ്ട്. എന്നാൽ ഗ്രന്ഥകാരൻ അതിനെ ഒഴിവാക്കി ഇപ്പോഴുള്ള സംസ്കൃതപാഠം ഉണ്ടാക്കി (ദ്രഷ്ടവ്യം - ഋ.ദ. ഗ്രന്ഥങ്ങളുടെ ഇതിഹാസം, പേജ് 98, 99) ഇവിടെ സംസ്കൃതപാഠത്തിന്റെ പരിശോധന നടത്തിയാലും. അഞ്ചാമത്തേയും ആറാമത്തേയും (ഭൂമികയുടെ 6 കയ്യെഴുത്തുപ്രതികളുണ്ട്. അവ ഉത്തരോത്തരം പരിവർധിതമാണ്) കയ്യെഴുത്തുപ്രതികളിലും ഭാഷാപരമായ മാറ്റങ്ങൾ നടത്തിയിട്ടില്ല. താഴെ കൊടുത്ത ടിപ്പണിയും അപ്രകാരം മാറ്റം വരുത്താത്തതാണ്. പണ്ഡിതന്മാർ ഈ വിഷയത്തിൽ ഗൗരവതരമായ പഠനം നടത്തേണ്ടതുണ്ട്) വിദ്യുത് (മിന്നൽ), വിധിയജ്ഞം എന്നിവ മൂർത്തിമാനും അമൂർത്തിമാനും കൂടിയാണ് (ഇന്ദ്രിയങ്ങളുടെ ശക്തിരൂപമായ ദ്രവ്യം അമൂർത്തിമാനും ഗോളരൂപമായവ മൂർത്തിമാനും. അതേപോലെ വിദ്യുതും വിധിയജ്ഞത്തിൽ വരുന്ന ശബ്ദങ്ങളും ജ്ഞാനവും അമൂർത്തിമാനാണ്. ദർശനീയ വസ്തുക്കൾ മൂർത്തിമാനാണ് എന്നറിയണം. (വൈ. യ. അച്ചടിച്ചത്)) ഇതിൽ നിന്ന് സാകാരം, നിരാകാരം എന്നീ രണ്ട് വ്യത്യസ്ത പ്രകാരത്തിലുള്ള വ്യവസ്ഥ ദേവതകളിലുണ്ട് എന്നറിയണം. ഇതിൽ പൃഥിവ്യാദികളുടെ ദേവതാത്വം കേവലം വ്യവഹാരത്തിൽ മാത്രമാണ്. അതേപോലെ മാതാവ്, പിതാവ്, ആചാര്യൻ, അതിഥി എന്നിവ വ്യാവഹാരിക ഉപയോഗവും പാരമാർത്ഥിക പ്രകാശവും ചെയ്യുന്ന ദേവതകളാണ്. മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയുടെ ഉപയോഗം വ്യാവഹാരികവും പാരമാർത്ഥികമായും ചെയ്യുന്നതിലുണ്ട്. എന്നാൽ സർവ്വമനുഷ്യർക്കും ഉപാസന ചെയ്യാൻ യോഗ്യൻ ഒരേയൊരു പരമേശ്വരൻ മാത്രമാണ്.

അത ഇദാനീന്തനാഃ കേചിദാര്യാ യൂപേയഖണ്ഡ വാസിനശ്ച ഭൗതികദേവതാനാമവേ പൂജനം വദേഷ്വസ്തീ ഇതി ഉചുവദന്തി ച, തദലോകതരമസ്തി । (തുടരും)

> *വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
> *വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ

തർജ്ജമ : കെ.എം. രാജൻ മീമാംസക്

## അധ്യായം : 1 മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)

ഇവയുടെ കാലം ബി.സി. 602 മുമ്പാണെന്നും സ്ഥാപിക്കുന്നു. ഈ പണ്ഡിതന്മാർ യാസ്കൻ രചിച്ച നിരുക്തകാലം ബി.സി. 800 ന് മുമ്പാണെന്നും പറയുന്നുണ്ട്. അവർ നിരുക്തം 3.4 ൽ ദായഭാഗത്തെക്കുറിച്ച് മനുസ്മൃതിയിൽ പറയുന്ന ഭാഗത്തെ അവർ മാനിക്കുന്നു. ഇത് ഏതോ പ്രാചീന സ്മൃതി ഗ്രന്ഥത്തിലേതാണെന്നും അനുഷ്ടുപ്പ് വൃത്തത്തിലാണിത് രചിച്ചിരിക്കുന്നത് എന്നും ഇവർ പറയുന്നു.

**[അവിശേഷേണ പുത്രാണാം ദായോ ഭവതി ധർമതഃ ।**
**മിഥുനാനാം വിസർഗാദൗ മനുഃ സ്വായംഭുവോ/ബ്രവീത് ॥**

(നിരുക്തം 3.4)]

ഈ അഭിപ്രായമനുസരിച്ച് ബി.സി 800 ന് മുമ്പും സ്മൃതി ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. ഏതോ സ്മൃതികാരൻ മനുവിന്റെ വീക്ഷണം അദ്ദേഹത്തിന്റെ സ്മൃതി ഗ്രന്ഥത്തിൽ ശ്ലോകബദ്ധമായി എഴുതി എന്നുപറഞ്ഞാൽ അക്കാലത്തും സ്മൃതിഗ്രന്ഥങ്ങൾ ശ്ലോകബദ്ധരൂപത്തിൽ പ്രചരിച്ചിരുന്നു എന്ന് കണക്കാക്കാം. കാലഗണനയനുസരിച്ച് പ്രാചീനമായിരുന്നതിനാൽ മനുസ്മൃതി അതിനുമുമ്പു തന്നെ ശ്ലോകബദ്ധമായിരുന്നു എന്ന വസ്തുത തള്ളിക്കളയാനാവില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഛന്ദോബദ്ധമായ മനുസ്മൃതി അതിപ്രാചീനമായിരുന്നു. എന്നകാര്യം സിദ്ധിക്കുന്നു.

ചിലർ കരുതുന്നത് വാല്മീകി രാമായണം ആദികാവ്യമായി കണക്കാക്കാമെന്നും വാല്മീകി ആദികവിയായും കണക്കാക്കപ്പെടുന്നു. അദ്ദേഹത്തിന്റെ മുഖത്തുനിന്നാണ് ആദ്യത്തെ ഛന്ദസ്സ് (വൃത്തം) ഉത്ഭവിച്ചത് എന്നും ചിലർ കരുതുന്നു (വാല്മീകി രാമായണം അനുഷ്ടുപ്പ് ഛന്ദസ്സിലാണ

*(ശേഷം പേജ് 15 ൽ .........)*

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**



(മുൻലക്കത്തിന്റെ തുടർച്ച)

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## അദ്ധ്യായം: 6
## മാർജ്ജന മന്ത്രം (തുടർച്ച.....)

ഒരു പ്രത്യേക ഹൃദയം ശുദ്ധവും മറ്റൊന്ന് അപവിത്രവുമോ? ഉദാരമായ ഹൃദയത്തെ നിങ്ങൾ പവിത്രമെന്ന് പറയും. സങ്കുചിത ഹൃദയത്തെ അപവിത്രമെന്നും പറയും.

ഈശ്വരന് അഗാധമായ ഹൃദയമുണ്ട്. എന്തുകൊണ്ടാണ് ഒരാൾക്ക് സങ്കുചിതഹൃദയം ഉണ്ടാവുന്നത്? എന്റെ ശരീരത്തിൽ ഈശ്വരൻ രക്തം നൽകിയിട്ടുണ്ടെങ്കിൽ ഞാനെന്തിന് സങ്കുചിതനായിരിക്കണം? (ഇതൊരു ഹിന്ദി കവിതയുടെ ഭാഷാന്തരമാണ് - വിവർത്തകൻ)

ഈശ്വരൻ ഉദാരനാണ്. ഉപാസകൻ അനുദാരകനാവുന്നത് എന്തുകൊണ്ടാണ്? ഈശ്വരൻ ശരീരത്തിന് രക്തം നൽകിയിട്ടുണ്ടെങ്കിൽ ഹൃദയം കല്ലുപോലാവാതിരിക്കേണ്ടതല്ലേ?

ഉദാരഹൃദയനെ സംസ്കൃതത്തിൽ 'മഹാശയ'നെന്നുപറയുന്നു. വലിയവരും ചെറിയവരും തമ്മിലുള്ള വ്യത്യാസം ഇതാണ്. സങ്കുചിത ഹൃദയമുള്ളവൻ സ്വാർത്ഥിയാണ്. 'മഹാശയ'ന് ലോകം മുഴുവൻ തന്റെ കുടുംബമാണ്. സങ്കുചിത ഹൃദയമുള്ളവന് സ്വന്തം സഹോദരൻ പോലും ശത്രുവാണ്. നിങ്ങളുടെ ഹൃദയത്തിൽ മറ്റൊരാൾക്ക് സ്ഥാനമുണ്ടോ ഇല്ലയോ എന്നതാണ് ചോദ്യം. നിങ്ങൾ സ്വന്തം താത്പര്യങ്ങൾ മാത്രമാണോ നോക്കുന്നത് അതോ മറ്റുള്ളവരുടെ ഹിതം കൂടി നോക്കുന്നുണ്ടോ? ആസ്തികനും നാസ്തികനും തമ്മിലുള്ള ബന്ധമെന്താണ്? ഈശ്വരൻ 'മഹഃ' (മഹാൻ) ആണ്, സമസ്ത ജഗത്തിനും അതിൽ സ്ഥാനമുണ്ട്. ഈശ്വരന് അന്യമായ മറ്റൊന്നും തന്നെയില്ല. അതിനാൽ ഉപാസകൻ ഈശ്വരന്റെ ഈ ഗുണങ്ങളെ അനുഭവിക്കുന്നില്ലെങ്കിൽ അയാൾ ഉപാസകനല്ല. ഉപാസകന്റെ ഹൃദയവും സ്വയം മഹത്വമാർന്നതായി തീരുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കു .*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഭാരത ചരിത്രഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ഭാരതീയ സ്മാരകമന്ദിരങ്ങളുടെ പതിത്വം വിദേശ മുസ്ലീം ഭരണാധികാരികൾക്ക് നൽകിയത് (തുടർച്ച....)

ഭാരതീയ ചരിത്രകാരന്മാർ ആരോഗ്യകരവും പരീക്ഷിച്ചു തെളിഞ്ഞതുമായ ഗവേഷണ രീതി ഉപയോഗിക്കുന്നതിനാലാണ് ഇത്തരത്തിലുള്ള വൈരുദ്ധ്യവും സത്യവിരുദ്ധവും അബന്ധങ്ങളും നമ്മുടെ മധ്യകാല ചരിത്രത്തിൽ കടന്നുകൂടിയത്. യഥാർത്ഥ വസ്തുതകൾ വിശദമായി പരിശോധിക്കാതെ ചരിത്രനിഗമനത്തിൽ നമ്മുടെ ചരിത്രകാരന്മാർ എത്തിച്ചേരുന്നത് നിർഭാഗ്യകരമാണ്. പഞ്ചാബിലെ പിൻജോർ ഗാർഡൻ (Pinjore Garden) മുഗളന്മാരുടെ പേരിലാണ് അറിയപ്പെടുന്നത്. അക്രമകാരികൾ ഒരിക്കലും തങ്ങളുടെ ആക്രമണത്തിനിരയായ സ്ഥലത്ത് പൂന്തോട്ടങ്ങൾ നിർമ്മിച്ചതായി കേട്ടിട്ടില്ല.

### ഡൽഹിയിലെ സ്മാരക മന്ദിരങ്ങൾ

തലമുറകളായുള്ള ചരിത്രകാരന്മാരും അവരിലൂടെ ലോകമെമ്പാടുമുള്ള ജനങ്ങളും മധ്യകാല നിർമ്മിതങ്ങളായ ഡൽഹിയിലെ സ്മാരക മന്ദിരങ്ങൾ മുസ്ലീം സുൽത്താന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ് എന്ന അബദ്ധധാരണയിൽ കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി ഉറച്ചുവിശ്വസിച്ചു പോരുന്നു. ഇത് തികഞ്ഞ അബദ്ധമാണ്. എല്ലാ സ്മാരക ഭവനങ്ങളും ഇസ്ലാമിക ഭരണത്തിന് മുമ്പുള്ള ക്ഷത്രിയ രാജാക്കന്മാരാൽ നിർമ്മിക്കപ്പെട്ടവയാണ്. മുസ്ലീം ഭരണാധികാരികളുടേത് എന്നറിയപ്പെടുന്ന സമാധികളും ശവക്കല്ലറകൾ പോലും തകർക്കപ്പെട്ട മുൻ ഹൈന്ദവ കൊട്ടാരങ്ങളും ക്ഷേത്രങ്ങളുമാണ്.

ഇവയെല്ലാം മുസ്ലീം സുൽത്താൻമാരാൽ നിർമ്മിക്കപ്പെട്ടതാണ് എന്ന് എഴുതി പിടിപ്പിക്കുന്ന ചരിത്രകാരന്മാർ ബ്രിട്ടീഷ് അധികാരികളുടെ തെറ്റായ പ്രസ്താവനകളിലും വർഗീയവാദികളായ മുസ്ലീം നേതാക്കളുടെ ഓർമ്മക്കുറിപ്പുകളാലും തെറ്റിദ്ധരിക്കപ്പെട്ട് ആത്മനിന്ദ ചെയ്യുകയാണ്. ഇത്തരം രേഖകളും പ്രസ്താവനകളും സാഹചര്യ തെളിവുകളുടെ

*(ശേഷം പേജ് 14 ൽ)*

യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)

ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അധ്യായം : 6

പാച്ചൻ വാതിൽക്കൽ പ്രവേശനാനുമതിക്കായി സവിനയം കാത്തു നിന്നു.

മുറിയിൽ രജായിക്കൊത്ത (മഞ്ചകോസറിക്കൊത്ത) കനത്ത വിരി വിരിച്ചിരിക്കുന്നു. അതിൽ കവാടത്തിലേക്ക് മുഖമാക്കിക്കൊണ്ട് പുഞ്ചിരി തൂകിക്കൊണ്ട് ഒരു മധ്യവയസ്കൻ പാച്ചനെ കാത്തിരിക്കുകയാണോ എന്ന് തോന്നും വണ്ണം ഇരിക്കുന്നുണ്ട്. വെച്ച് എഴുതുവാനും വായിക്കുവാനും മറ്റും പറ്റിയ ഒരു കൊച്ചു മേശപ്പെട്ടി വച്ചിട്ടുണ്ട് അദ്ദേഹത്തിന്റെ മുൻവശത്ത്. നാലുപാടും പുസ്തകങ്ങൾ തുറന്നും അടഞ്ഞും കിടക്കുന്നു. ആർഭാട രഹിത മായ വേഷം, നല്ല ശുഭ്ര-വെള്ള വസ്ത്രധാരി. കാഴ്ചയിൽ വാനപ്രസ്ഥനെ പോലെ.

വാതിൽക്കൽ നിൽക്കുന്ന പാച്ചനെ കണ്ടപ്പോൾ അദ്ദേഹം അയാളെ അകത്തേക്ക് ക്ഷണിച്ചു. സ്വരം മന്ദവും മധുരവും ആയിരുന്നു. പാച്ചനോട് ഇരിക്കാൻ അദ്ദേഹം സാദരം സവിനയമോതി. പാച്ചൻ കൈകൂപ്പി നമസ്കരിച്ച് അവിടെയിരുന്നു.

"ആരാണെന്നും എവിടുന്നാണെന്നും കാര്യം എന്താണെന്നും മനസ്സിലായില്ല. എന്താണ് എന്ന് പറയൂ." ശുദ്ധ ഹിന്ദിയിൽ അദ്ദേഹം അന്വേഷിച്ചു.

"ഞാൻ ലാഹോറിലുള്ള ഗുരുദത്ത് ഭവനിൽ സ്വാമി വേദാനന്ദജിയുടെ കീഴിൽ പഠിച്ച് 'വൈദിക സിദ്ധാന്തഭൂഷൺ' എന്ന ആര്യസമാജത്തിന്റെ ഡിപ്ലോമ പാസായി. അതിനുശേഷം മുൽത്താനിലും പിന്നെ ലായൽപുരിയിലും ഗുരുദാസ്പുരിയിലും ഉള്ള പ്രാഥമികാധ്യാപനവൃത്തിയിൽ ഏർപ്പെട്ടു. കൂട്ടത്തിൽ ഉപരിപഠനവും നടത്തിയിരുന്നു. ഇപ്പോൾ ലായൽപുരിയിൽ നിന്നാണ് വരുന്നത്. പാച്ചൻ എന്നാണ് വിളിക്കുന്ന പേര്. കാര്യം - സർക്കാറംഗീകരിച്ച ഡിപ്ലോമയില്ല കയ്യിലിപ്പോൾ. അതെടുക്കാഞ്ഞാൽ നാട്ടിൽ പോയാൽ ഉദ്യോഗമൊന്നും കിട്ടാൻ വഴിയില്ലല്ലോ. അതുകൊണ്ട് ഇനി എന്തുചെയ്യണമെന്ന് ആലോചിക്കാൻ വന്നതാണ്.

(തുടരും)

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**



(മുൻലക്കത്തിന്റെ തുടർച്ച)

# വൈദിക ഗണപതി

മദൻ രഹേജ
തർജ്ജമ : കെ.കെ.ജയൻ ആര്യ

## അധ്യായം 1
## മംഗളമൂർത്തി ഗണപതി (തുടർച്ച......)
## ഈശ്വരന് മൂർത്തീരൂപമില്ല.

### മൂർത്തി പൂജയുടെ അർത്ഥം

സർവ്വരും അവരവരുടെ ധർമ്മ ഗ്രന്ഥങ്ങൾ ശരിയാണെന്ന് വിശ്വസിക്കുന്നു. അതോടൊപ്പം മറ്റുള്ളവരുടെ ധർമ്മ ഗ്രന്ഥങ്ങളെ മാനിക്കുന്നതുമില്ല. ഇതിനുത്തരം എങ്ങനെ കണ്ടെത്തും. മാനവധർമ്മം എല്ലാ മനുഷ്യർക്കും തുല്യമാകണം. അതാണ് മാനവികത. അതുകൊണ്ട് യാതൊരു ഗ്രന്ഥം സർവ്വ മനുഷ്യർക്കും കല്യാണകാരിയാകുകയും എല്ലാ മനുഷ്യരുടേയും ഉന്നതിക്കുവേണ്ടി നിലനിൽക്കുകയും സത്യജ്ഞാന വിജ്ഞാനങ്ങളെ പ്രതിപാദിക്കുകയും ചെയ്യുന്നുവോ, ആ ഗ്രന്ഥത്തെയല്ലേ ധർമ്മ ഗ്രന്ഥമെന്ന് വിളിക്കേണ്ടത്? അപ്രകാരമുള്ള ഗ്രന്ഥത്തെ സ്വാദ്ധ്യായം ചെയ്യുകയും സത്യമെന്തെന്നറിഞ്ഞതിനുശേഷം മാത്രം വിശ്വസിച്ച് ആ ധർമ്മം സ്വജീവിതത്തിൽ ധാരണം ചെയ്യുന്നതുമല്ലേ ഉത്തമം?

മനുഷ്യർ സ്വഭാവത്താൽ അല്പജ്ഞരായതുകൊണ്ട് അവരെഴുതിയ ഗ്രന്ഥങ്ങളിൽ സത്യവും അസത്യവും കടന്നുകൂടിയിട്ടുണ്ടാകും.

ഈശ്വരപ്രദത്തമായ ജ്ഞാനമാണ് വേദങ്ങൾ. 'വേദം' എന്ന പദത്തിന്റെ ശാബ്ദികാർത്ഥം 'അറിവ്' എന്നാണ്. വേദമന്ത്രങ്ങൾ ജ്ഞാനത്താൽ ആധാരിതമാണ്. ആധുനിക ശാസ്ത്രജ്ഞന്മാർ ജ്ഞാനത്തെ പ്രയോഗ ശാലകളിൽ പരീക്ഷിച്ച് പ്രയോഗത്തിൽ വരുത്തി അതിനെ സ്വായത്തമാക്കുന്നു. അവർ അതിനെ വിജ്ഞാനമെന്ന് വിളിക്കുന്നു. എന്നാകിലും ശാസ്ത്രത്തിലെ എല്ലാ രഹസ്യങ്ങളും ഇതുവരെ പുറത്തു കൊണ്ടുവന്നിട്ടില്ല. ഇനിയും അറിയാൻ അനേകം ബാക്കിയുണ്ട്. ലോകത്തിൽ ഇന്നുവരെ മുഴുവൻ മനുഷ്യരാശിയുടെ മംഗളത്തിനും അപവർഗത്തിനും വേണ്ടി ഉണ്ടായിട്ടുള്ള ഒരേയൊരു ഗ്രന്ഥം വേദങ്ങളാണ്.

വേദോക്തമായ കാര്യങ്ങളെ പ്രയോഗത്തിൽ വരുത്തുന്നതിനെയാണ് ധർമ്മം എന്നുപറയുന്നത്. ഇവിടെ നമ്മുടെ സ്മരണയിൽ വരേണ്ടത് മനുഷ്യനുവേണ്ടി മാത്രം ഒരു ധർമ്മം ഉണ്ട്. അതിനെയാണ് നാം

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

മാനവധർമ്മമെന്ന് വിളിക്കുന്നത്. അതായത് മനുഷ്യൻ എന്തുചെയ്യണം എന്തുചെയ്യരുത്, സ്വയവും അന്യർക്കും സുഖത്തെ പ്രാപിക്കാനുള്ള ഉപായമെന്ത്? പരമ പ്രധാനമായ ലക്ഷ്യം കൈവരിക്കാനുള്ള മാർഗ്ഗമെന്ത്? ഇതെല്ലാം ധർമ്മത്തിന്റെ വിഷയങ്ങളാണ്.

ഏതൊരു വ്യക്തി ധർമ്മത്തെ രക്ഷിക്കുന്നുവോ അവനെ ധർമ്മം രക്ഷിക്കുന്നു എന്ന് ശാസ്ത്രം പറയുന്നു. എന്തെന്നാൽ ധർമ്മത്തിൽ യാതൊന്ന് അനുശാസിക്കുന്നുവോ അത് സ്വജീവിതത്തിൽ അനുഷ്ഠിച്ച് സുഖത്തെ പ്രാപിക്കുന്നു. ഈശ്വരൻ ഓരോ സൃഷ്ടിയിലും മനുഷ്യർക്ക് ഋഷിമാരിലൂടെ പവിത്രമായ വേദജ്ഞാനത്തെ പ്രദാനം ചെയ്യുന്നു. ഈശ്വരീയമായ ആ ജ്ഞാനത്തെയാണ് വൈദിക ധർമ്മം എന്നുപറയുന്നത്. അതുതന്നെയാണ് മാനവധർമ്മവും. ഋഷിമാരുടെ ഗ്രന്ഥങ്ങളെ ആർഷ ഗ്രന്ഥങ്ങളെന്നും പറയാറുണ്ട്. ഇതാണ് സർവ്വ മനുഷ്യരും പഠിക്കേണ്ടത്. ഈ ഗ്രന്ഥങ്ങളിൽ എന്തെങ്കിലും സംശയമുണ്ടാകുന്ന പക്ഷം വേദമാണ് പ്രമാണം.

**ഓ3മ്:** വേദങ്ങളിൽ ഈശ്വരന്റെ യഥാർത്ഥ നാമം 'ഓ3മ്' എന്ന് പറഞ്ഞിരിക്കുന്നു. ഈശ്വരന്റെ മറ്റു നാമങ്ങളെല്ലാം ഇതിൽ സമ്മേളിച്ചിരിക്കുന്നു എന്നതാണ് ഇതിനുകാരണം.

**ഈശ്വരനും ഭഗവാനും :** ഭഗവാൻ എന്നത് ബ്രാഹ്മണൻ, ഋഷി, മഹർഷി, മുനി, ബ്രഹ്മർഷി തുടങ്ങിയ സ്ഥാനങ്ങൾ പോലെ ഒരു ഉപാധിയാണ്. ഭഗവാൻ എന്ന ശബ്ദത്തെ വിശദീകരിക്കുന്ന ഒരു ശ്ലോകം വിഷ്ണുപുരാണത്തിലുണ്ട്.

ഐശ്വര്യസ്യ സമഗ്രസ്യ വീരസ്യ യശസ്യ ശ്രിയ:। ജ്ഞാന
വൈരാഗ്യയോശ്ചൈവഷഷ്ണാം ഭഗ ഇതിംരണാ॥


(വിഷ്ണുപുരാണം 6.5.74)

1. സമ്പൂർണ്ണ ഐശ്വര്യം (വൈഭവം), 2. വീര്യം (ബലം), 3. യശസ്സ് (കീർത്തി), 4.ശ്രീ (ധന സമ്പത്ത്), 5. ജ്ഞാനം (വിദ്യ), 6. വൈരാഗ്യം (ത്യാഗം), എന്നിങ്ങനെ ആറ് ഗുണങ്ങളോടുകൂടിയത് ആരാണോ അവനെ ഭഗവാൻ എന്നുപറയുന്നു. അഥവാ അപ്രകാരമുള്ളവനെയാണ് ഭഗവാൻ എന്ന് വിളിക്കേണ്ടത്. എപ്രകാരമാണോ ധനമുള്ളവനെ ധനവാനെന്നും വിദ്യായുക്തനായവനെ വിദ്യാവാനെന്നും വിളിക്കുന്നത് അതുപോലെ ഭഗ ആരുടെ ഒപ്പമുണ്ടോ അവനാണ് ഭഗവാൻ. അപ്രകാരം ശരീരധാരിയായ മനുഷ്യനെ ഭഗവാനെന്ന് വിളിക്കാം. മനുഷ്യൻ അവൻ ഇച്ഛിക്കുന്നുവെങ്കിൽ രാജാവാകാം മഹാരാജാവാകാം, സംന്യാസിയാകാം, യോഗിയാകാം, രാജ്യത്തിന്റെ നേതാവാകാം, ഉത്തമ കർമ്മസ്വഭാവത്താൽ ഭഗവാനാകാം, പക്ഷേ ഒരിക്കലും ഈശ്വരനാകാൻ കഴിയില്ല കാരണം ഈശ്വരൻ അദ്വിതീയനായ സർവ്വവ്യാപക സത്തയാണ്.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം

ശിവശങ്കർ ശർമ്മ കാവ്യതീർത്ഥ്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ഗ്രഹണത്തെക്കുറിച്ചുള്ള ചർച്ച

പ്രാതഃ കാലത്തും സായംകാലത്തും എത്രകണ്ട് പരിവർത്തനം ഉണ്ടാവുന്നുവെന്ന് നാം പ്രതിദിനം അനുഭവിച്ചറിയുന്നു. ഒരു വശത്ത് സമസ്ത നക്ഷത്രരാശികളും അസ്തമിക്കുകയും മറ്റൊരു വശത്ത് സൂര്യൻ ഉദിക്കുകയും ചെയ്യുന്നു. അന്ധകാരത്തിന്റെ വിനാശവും ജ്യോതിസ്സിന്റെ പ്രകാശവും സംഭവിക്കുന്നു. മനുഷ്യർക്ക് കിടക്കയിൽ നിന്നെഴുന്നേറ്റ് ജീവിത പ്രയാണം തുടങ്ങാനുള്ള സമയവും. നേരം പുലരുമ്പോൾ തന്നെ ഏതാനും ജീവികളൊഴിച്ച് മറ്റെല്ലാവരും ഉറക്കമുണർന്ന് രാത്രിയുടെ നിശബ്ദതയെ അവരുടെ ഭാഷകളിലൂടെ ശബ്ദം ഉണ്ടാക്കി തകർക്കുന്നു. ഒരു മഹാപ്രളയം പോലെ ഭയത്തിന് കാരണമായതും കള്ളന്മാർക്കും പിടിച്ചുപറിക്കാർക്കും സൗകര്യപ്രദമായിരുന്ന സമയം കഴിഞ്ഞ് സാധുജനങ്ങൾക്കും ലോകർക്കും എല്ലാം സന്തോഷത്തിനുതകുന്ന സമയം സമാഗതമായിരിക്കുന്നു. അന്ധകാരം നീങ്ങുന്നതോടെ എല്ലാ വിഷമതകളും നീങ്ങുന്നു. ഇത്തരത്തിൽ നൂറുകണക്കിന് പരിവർത്തനങ്ങളോടെയാണ് പ്രഭാതം വരുന്നത്. ഈ സമയത്ത് വൈദികസന്ധ്യ ചെയ്യാനുള്ള വിധിയുണ്ട്. ഇതുപോലെ തന്നെ സായംകാലത്തും. ഈ രണ്ട് സമയത്തും ഈശ്വരീയ വ്യവസ്ഥയാൽ ആഹ്ലാദജനകമായ കാര്യങ്ങൾ കാണപ്പെടുന്നു. ഈ സമയത്ത് ഈശ്വരോപാസന ചെയ്യുന്നതുകൊണ്ട് മനസ്സ് അതിപ്രസന്നമാകുന്നു.

അഗ്നിഹോത്രം തുടങ്ങിയ കർമ്മങ്ങളും ഈശ്വരീയ വിഭൂതികളുടെ പ്രദർശനമാണ്. വൈദികരായവർ കാലത്തും വൈകുന്നേരവും 'സ്വാഹ' എന്ന് ഉച്ചാരണത്തോടെ തന്നെ സർവ്വസ്വവും ലോകോപകാരാർത്ഥം സമർപ്പിക്കുന്നു. സുഗന്ധമയമായ ദ്രവ്യങ്ങൾ നാലുപാടും പരക്കുന്നു. ജനങ്ങളുടെ മനസ്സ് പ്രസന്നമാകുന്നു. ഇതുകൂടാതെ ഉപാസകർ തന്റെ അഹങ്കാരം, ക്രോധം തുടങ്ങിയ ദുർഗുണങ്ങൾ അഗ്നിയിൽ ഭസ്മമാക്കുന്ന അഗ്നിഹോത്രത്തിന്റെ പ്രയോജനം കാണുമ്പോൾ ഈ കർമ്മങ്ങളെല്ലാം ഈശ്വരീയ വിഭൂതികളുടെ പ്രദർശന ങ്ങളാണെന്ന് മനസ്സിലാവും.

### അശ്വമേധം

പശു തുടങ്ങിയ സാധുമൃഗങ്ങളെ കൊല്ലുന്ന അശ്വമേധം, ഗോമേധം, നരമേധം മുതലായ യാഗങ്ങൾ എങ്ങനെ ഉണ്ടാകുമെന്ന് ചിലർ ചോദിക്കാറുണ്ട്. ഇക്കാലത്തും കാളിയുടെയും ദുർഗയുടെയും പേരിൽ ആയിരക്കണക്കിന് മൃഗങ്ങളെ കൊല്ലുന്നുണ്ട്. ഗംഗ തുടങ്ങിയ നദികളിലും ചില ധാർമിക കേന്ദ്രങ്ങളിലും നരബലി പോലും പ്രചാരത്തിലുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്ത് സർക്കാർ അവയെ നിരോധിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ പ്രചാരത്തി ലുള്ളതിനാൽ അശ്വമേധയജ്ഞത്തിന്റെ വൈദിക വീക്ഷണം വ്യക്തമാക്കുക അത്യാവശ്യമാണ്.

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)

ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'

തർജ്ജമ : ബ്രഹ്മചാരി ശാസ്ത്യശർമ്മൻ

**വൈതരണീനദികടക്കാനുള്ള ഗോദാനവും പോപ്പിന്റെ ലീലകളും (തുടർച്ച....)**

ഇതു കണ്ട ഉടനെ അവിടെ സന്നിഹിതനായിരുന്ന പോപ്പ് ലഹള കൂട്ടാൻ തുടങ്ങി. കൊള്ളാം! അച്ഛൻ എന്നും എന്നും മരിക്കുമോ? ഇപ്പോൾ പാൽ തരുന്നതും വയസ്സാകാത്തതുമായ പശുവിനെയാണ് ദാനം ചെയ്യേണ്ടത്.

ജാട്ട്:- ഞങ്ങളുടെ പക്കൽ ഒരു പശു മാത്രമേയുള്ളൂ. അതിനെ തരുന്നപക്ഷം ഞങ്ങളുടെ കുട്ടികൾ കഷ്ടത്തിലാകും. അതുകൊണ്ട് പശുവിനെ തരുന്നതല്ല. 20 ഉറുപ്പിക ദാനമായി തരാം. അത് കൊടുത്ത് ഒരു കറവപ്പശുവിനെ വാങ്ങിക്കൊള്ളുക.

പോപ്പ്:- ആശ്ചര്യം തന്നെ. നിങ്ങൾ അച്ഛനേക്കാൾ വലുതായി പശുവിനെയാണ് വിചാരിക്കുന്നത്? സ്വപിതാവിനെ വൈതരണീനദിയിൽ മുങ്ങി ദുഃഖിപ്പിക്കുവാനാണോ നിങ്ങളുടെ ഭാവം? നിങ്ങൾ നല്ല പുത്രൻ തന്നെ. ഇത്രയും ആയപ്പോൾ അവിടെ ഇരുന്നവരെല്ലാം പോപ്പിന്റെ ഭാഗത്ത് ചേർന്നു. എന്തെന്നാൽ അവരെയെല്ലാം പോപ്പ് മുമ്പേതന്നെ പറഞ്ഞ് തന്റെ വശത്താക്കിയിരുന്നു. എല്ലാവരും കൂടി പറഞ്ഞ് ആ പശുവിനെ തന്നെ പോപ്പിന് ദാനം കൊടുപ്പിച്ചു. ആ സമയം ജാട്ട് യാതൊന്നും സമാധാനം പറഞ്ഞില്ല. അച്ഛൻ മരിച്ചപ്പോൾ പോപ്പ് പശുവിനെയും കുട്ടിയെയും കൂട്ടിക്കൊണ്ടുപോയി തന്റെ വീട്ടിൽ ബന്ധിച്ചിട്ട് വരികയും ദാഹ-സംസ്കാരാദി കർമ്മങ്ങളിൽ പങ്കുകൊണ്ട് വിധിയാംവണ്ണം അവ നിർവ്വഹിക്കുകയും ചെയ്തു. അവിടെയും സപിണ്ഡി മുതലായവയിലും സദ്യയിലും മറ്റും ജാട്ടിന്റെ ധനം ധാരാളം കൈവശപ്പെടുത്തി. ജാട്ട് ഒരുതരത്തിൽ അന്യവീടുകളിൽ നിന്നും പാല് വാങ്ങി ക്രിയാദികളെല്ലാം നടത്തി. പതിനാലാമത്തെ ദിവസം രാവിലെ ജാട്ട് പോപ്പിന്റെ വീട്ടിലെത്തിച്ചേർന്നു. ജാട്ടിനെ കണ്ടപ്പോൾ തന്നെ പോപ്പ് അയാളെ വേണ്ടവിധത്തിൽ സൽക്കരിച്ചിരുത്തി.

ജാട്ട്:- പുരോഹിത് ജി ! താങ്കളും ഇവിടെ വരിക. ചോദിക്കട്ടെ.

പോപ്പ്:- പാല് കൊണ്ടുവെച്ചിട്ട് വരട്ടെ?

ജാട്ട്:- പാലും പാത്രവും ഇവിടെ കൊണ്ടുവരിക.

പോപ്പ് വേഗത്തിൽ പാലും പാത്രവും കൊണ്ടുവന്ന് ജാട്ടിന്റെ മുമ്പിൽ വെച്ചു.

ജാട്ട്:- (പുരോഹിതനോട്) നീ മഹാ കള്ളനാണ്.

(തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(പേജ് 8 ന്റെ തുടർച്ച)

അടിസ്ഥാനത്തിൽ പരിശോധിക്കാൻ അവർ തയ്യാറായിരുന്നുവെങ്കിൽ ഇത്രയും അബദ്ധങ്ങൾ നമ്മുടെ സർക്കാർ രേഖകളിലും ചരിത്ര പുസ്തകങ്ങളിലും കടന്നുകൂടില്ലായിരുന്നു.

ഡൽഹിയിലെ പ്രധാനപ്പെട്ട ഏതാനും സ്മാരകങ്ങളുടെ ഒരു പുനഃപരിശോധന നടത്തിയാൽ അവയെല്ലാം മുസ്ലീം ആക്രമണത്തിന് മുമ്പുള്ളതായിരുന്നു എന്ന് വായനക്കാർക്ക് ബോധ്യമാവും. വൻതോതിൽ ഉള്ള വിദേശ ആക്രമണങ്ങളെ അതിജീവിച്ച ഏതാനും വിരലിലെണ്ണാവുന്ന സ്മാരക കെട്ടിടങ്ങളാണിവ. മനോഹരമായ ഭാരതീയ ശില്പ കലാസൗധങ്ങളായിരുന്നു വിദേശീയരെ ഇവിടം ആക്രമിക്കാൻ പ്രേരിപ്പിച്ചതെന്നും ഓർക്കേണ്ടതാണ്.

**കണ്ണിങ്ഹാമിന്റെ സൂത്രം**

ഒരു റിട്ടയർഡ് മിലിട്ടറി എൻജിനീയർ ആയിരുന്ന അലക്സാണ്ടർ കണ്ണിങ് (സൂത്രശാലി) ഹാം 1842, സെപ്തംബർ 15 ന് ലണ്ടനിലുള്ള കേണൽ സൈക്സിന് (Col. Sykes) എഴുതിയ കത്തിൽ പുരാവസ്തു ഗവേഷണം എന്ന ആയുധം എങ്ങനെ ഭാരതത്തെ ബ്രിട്ടീഷ് അധീശത്വത്തിലും ക്രിസ്തുമത പരിവർത്തനത്തിനും സഹായിക്കുമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഈ കത്ത് 1843 ലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ജേർണലിന്റെ ആറാം വാല്യത്തിൽ 246-ാം പേജിൽ കാണാം.

'വേൾഡ് വൈദിക് ഹെറിറ്റേജ് ' എന്ന 1300 ഓളം പേജുകൾ വരുന്ന എന്റെ ഒരു ഗ്രന്ഥത്തിൽ 'ബ്രിട്ടീഷ്-മുസ്ലീം പുരാവസ്തു ഗൂഢാലോചന' എന്ന അധ്യായത്തിൽ ഈ കത്തിലെ മുഴുവൻ ഉള്ളടക്കവും വിവരിച്ചിട്ടുണ്ട്. കണ്ണിങ്ഹാമിന്റെ ഇത്തരത്തിലുള്ള നിർദ്ദേശമാണ് യാതൊരു അടിസ്ഥാന യോഗ്യതയും ഇല്ലാത്ത - കലയെക്കുറിച്ചോ പുരാവസ്തുക്കളെ കുറിച്ചോ പ്രാചീന ഭാരതചരിത്രത്തെ കുറിച്ചോ അൽപ്പംപോലും ധാരണയില്ലാതെ ബ്രിട്ടീഷ്- ഇന്ത്യൻ ആർമിയിലെ ഒരു ഉദ്യോഗസ്ഥൻ മാത്രമായിരുന്ന അദ്ദേഹത്തെ പുരാവസ്തു വകുപ്പിന്റെ തലവനായി നിയമിക്കുവാൻ ബ്രിട്ടീഷ് ഭരണകൂടത്തെ പ്രേരിപ്പിച്ചത്.

ആദ്യത്തെ പുരാവസ്തു വകുപ്പിന്റെ തലവൻ എന്ന നിലയിൽ എല്ലാ ചരിത്ര രേഖകളെയും നശിപ്പിക്കാനും ചരിത്ര വസ്തുക്കളെല്ലാം വിദേശ മുസ്ലീം ആക്രമകാരികളാൽ നിർമ്മിക്കപ്പെട്ടതാണെന്ന് വരുത്തി തീർക്കുവാനുമാണ് അദ്ദേഹം ആദ്യം തന്നെ ശ്രമിച്ചത്.

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)

ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

*(പേജ് 6 ന്റെ തുടർച്ച..................)*

എന്നതിനെ പരിഗണിച്ചാണ് ഇപ്രകാരം പറയുന്നത് എന്ന് കണക്കാക്കാം- വിവർത്തകൻ). ഈ സംശയം തികച്ചും യുക്തിരഹിതമാണ്. വാല്മീകി രാമായണത്തിനും എത്രയോ മുമ്പ് വേദങ്ങളിലും സംഹിതകളിലും രാമായണത്തിൽ ഉപയോഗിച്ച അനുഷ്ടുപ്പ് ഛന്ദസ്സിലുള്ള അനേകം മന്ത്രങ്ങൾ കാണുന്നുണ്ട്. (ലോക പ്രസിദ്ധമായ അനുഷ്ടപ്പ് ഛന്ദസ്സിന്റെ ലക്ഷണം ഇപ്രകാരമാണ് 'പഞ്ചമം ലഘുസർവ്വത്ര, സപ്തമം ദ്വിചതുർത്ഥിയോ:। ഷഷ്ഠം ഗുരുവിജാനീയാത് ഏതദനുഷ്ടുപ് ലക്ഷണമ്।' ഈ ലക്ഷണമനുസരിച്ചുള്ള വേദമന്ത്രങ്ങൾ നോക്കിയാലും. 'യസ്തു സർവാണി ഭൂതാന്യാത്മന്യേവാനുപശ്യതി। സർവഭൂതേഷു ചാത്മാനം തതോ ന വിചികിത്സതി॥' (യജുർവേദം 40.6). രാമായണം ആദികാവ്യമെന്ന് പറയുന്നതിന്റെ കാരണം കേവലം കാവ്യാത്മകമായ ശൈലിയിൽ ലൗകിക സാഹിത്യത്തിൽ ആദ്യത്തെ രസമയ കാവ്യമാണ് അത് എന്നതിനാലാ യിരിക്കണം. രാമായണത്തിന്റെ പ്രാരംഭികഭൂമികയിൽ 'മാ നിഷാദ പ്രതിഷ്ഠാം ത്വമ്....। (ബാലകാണ്ഡം 2.15) എന്ന തന്റെ വായിൽ നിന്നുതിർന്ന വാക്യം ഗദ്യരൂപത്തിലാണൊ ശ്ലോകരൂപത്തിലാണൊ എന്നൊന്നും മഹർഷി വാല്മീകി ചിന്തിച്ചിട്ടുപോലുമുണ്ടാവില്ല. എന്നാൽ ഒരു പക്ഷെ ഭാവാവേശത്തിൽ ഈ ദുർഭാവനായുക്തമായ അപവാക്യങ്ങൾ താനെന്തിനുവേണ്ടി ഉച്ചരിച്ചുവെന്ന് അദ്ദേഹത്തിന് തോന്നിയിരിക്കാം. ഭാഷ്യകാരന്മാർ അവരവരുടെ ഭാവനക്കനുകൂലമായി ഈ സന്ദർഭത്തെ അവതരിപ്പിച്ചിരിക്കാം. ഈ സമയത്ത് ബ്രഹ്മാവ് മുന്നിൽ പ്രത്യക്ഷ പ്പെട്ടിട്ടുണ്ടെന്ന പൗരാണിക സാങ്കൽപ്പിക കഥ പ്രക്ഷിപ്തമായി കണക്കാക്കാം. രാമായണത്തിൽ ഉദ്ധരിച്ചിട്ടുള്ള മനുസ്മൃതി ശ്ലോകങ്ങൾ നോക്കിയാൽ മനുസ്മൃതി രാമായണത്തേക്കാളും വളരെ പ്രാചീനമാണെന്ന് കരുതാം.

**5. മനുസ്മൃതി അർവ്വാചീനമാണെന്ന് പറയുന്നതിനുള്ള കാരണവും അതിനുള്ള മറുപടിയും.**

ഇതുവരെ നടത്തിയ വിശകലനത്തിനുശേഷം മനുസ്മൃതി പ്രാചീനമാണെന്ന് സിദ്ധിക്കുന്നതിനുള്ള പ്രമാണങ്ങൾ ഉണ്ടായിട്ടും എന്തുകൊണ്ടാണ് ഇതിനെ അർവ്വാചീനമായി ചിലർ കണക്കാക്കുന്നത്? ഇതിനുത്തരമായി പറയുന്നത് മനുസ്മൃതിയിൽ തന്നെ കാണുന്ന ഏതാനും അർവ്വാചീന സൂചനകളാണ്.

*(തുടരും)*

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**

**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



(മുൻലക്കത്തിന്റെ തുടർച്ച)

# ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ?

കെ.എം.രാജൻ മീമാംസക്

## പരമാത്മാവ്, ജീവാത്മാവ്, പ്രകൃതി

### പരമാത്മാവ്

അ : അരുണ, അംഭ, അമഃ, അഗ്നി, അര്യമാ, അന്തര്യാമി.

അര്യ : അപലാശ = അവിനാശ, അംബാ, അനന്തം, അച്യുത, അദ്വൈത, അശാസ്തിഹാ, അത്ഭുത, അക്ഷര, അത്താ, അന്ന, അജ, അനഘ, അക്ഷയ, അഭയ, അടല, അചല, അഖണ്ഡ, അമർത്യ, അഥർവണ, അര്യമണ.

ആ : ആകാശ, ആപഃ, ആദിത്യ, ആനന്ദ, ആപ്ത, ആരാധ്യ, ആസുവാനഃ.

ഇ : ഇന്ദ്ര, ഇഷ്ടദേവ, ഇന്ദു = പ്രകാശസ്വരൂപനായ പരമാത്മാവ്.

ഈ : ഈശ്വര, ഈശ, ഈഡ്യഃ = സ്തുതിക്കായ യോഗ്യമായ ഈശാന.

ഉ : ഉരുക്രമ = അനന്തപരാക്രമേശ്വരൻ, ഉത്തമൻ, ഉപാസ്യൻ, ഉൽപ്പത്തി കർത്താവ്, ഉശിക = ആഗ്രഹിക്കാൻ യോഗ്യൻ, ഉഗ്രൻ, ഉൽകൃഷ്ടമായത്, ഉദപൂഃ, ഊർധ്വ, ഉപഷ്ടുത = സ്തുതിക്കാൻ യോഗ്യമായത്, ഉക്ഥ്യഃ = സർവ്വോപാസനയുടെ ആധാരം.

എ : ഏകപാത, ഐശ്വര്യവർധകം.

ഒ : ഓം, ഓങ്കാരം, ഓക്യഃ = എല്ലാവരുടേയും നിവാസസ്ഥാനം, ഓദനം = അന്നരൂപമായ ഈശ്വരൻ, ഔഷധി.

ഔ : ഔദുംബരഃ = സംഘടന ആഗ്രഹിക്കുന്നവൻ.

അം : അം.

ഋ : ഋതുവിത്, ഋജു, ഋത്വിജ്, ഋഷി = അതീന്ദ്രിയാർത്ഥത്തെ

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു.33.81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.

അറിയുന്നവൻ, ഋഭ്വാ.

ക : കമ് = സുഖദായകൻ, കരുണാകരൻ, കവി, കേതു, ക്രതുഃ, കൃപാസിന്ധു, കുബേരൻ, കൃപാനിധാനം, കല്ല്യാണകാരി, ക്രതുമാന്, കാമഃ (ഇച്ഛ).

ഖ : ഖമ് = ആകാശത്തിന് സമാനം സർവ്വത്രവ്യാപിച്ചവൻ.

ഗ : ഗണേശൻ, ഗണപതി, ഗുരു, ഗയസ്ഫാനഃ, ഗരുത്മാസ, ഗന്ധർവ്വൻ ഗാതുവിത്, ഗായത്രി, ഗോവിന്ദ, ഗോവിത്.

ഘ : ഘൃതസ്നു = പ്രേമം ആഗ്രഹിക്കുന്നവൻ, ധർമ്മം.

ച : ചേതനം, ചൈതന്യം, ചന്ദ്രമാ, ചാരു, ചിത്, ചിന്തനീയ.

ഛ : ഛന്ദഃ = സമസ്ത ചരാചരജഗത്തിന്റേയും ആച്ഛാദകൻ.

ജ : ജഗന്നാഥൻ, ജഗദീശൻ, ജ്യോതി, ജനകൻ, ജഗപതി, ജഗബന്ധു, ജാതവേദൻ, ജലം, ജഗദാധാരൻ, ജഗവന്ദൻ, ജ്യോതിരഥൻ.

ഠ : ഠാകൂർ = സമസ്ത വിശ്വബ്രഹ്മാണ്ഡത്തിന്റേയും സ്വാമി.

ത : തൃപ്തൻ, തേജസ്വരൂപൻ, തൈജസ = തേജസ്വികളായ ലോകങ്ങളുടെ പ്രകാശൻ, ത്വഷ്ടാ, തുരാഷാങ് = സർവ്വശക്തികളുടേയും നിയന്ത്രകൻ.

ദ : ദീനദയാകരൻ, ദേവൻ, ദയാലു, ദേവി, ദാതാവ്, ദയാസാഗർ, ദസ്യുഹാ, ദേവത, ദുശ്ചവൻ, ദ്രപ്സൻ.

ധ : ധാതാവ്, ധർമ്മരാജൻ, ധർമ്മാത്മാവ്, ധരുണഃ = ആധാരം, ധ്രുവ, ധീര, ധാമധ = സർവ്വരുടേയും ആവാസസ്ഥലം, ധർമ്മാധീശൻ

ദ്യൗ : പ്രകാശമാനായ (ജ്ഞാനവാൻ) ഈശ്വരൻ.

ന : നിരാകാരൻ, നിരഞ്ജനൻ, നിർമ്മലൻ, നിത്യാനന്ദൻ, നരേശൻ, നിരീഹ, നഭ, നാഥനാരായണൻ, നിത്യൻ, നിർഗുണൻ, നിർവ്വികാരൻ, നിയാമകൻ, നിയന്താവ്, നിശ്ചലൻ, നവ്യ: = നിത്യനവീനൻ.

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## സ്വഭാവരൂപീകരണം

കാകോരി ട്രയിൻ കൊള്ളയിലൂടെ ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടിയ സുപ്രസിദ്ധ സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു ശ്രീ. രാമപ്രസാദ് ബിസ്മിൽ. അദ്ദേഹത്തിന്റെ സ്വഭാവരൂപീകരണത്തിൽ മഹർഷി ദയാനന്ദസരസ്വതിയുടെയും ആര്യസമാജത്തിന്റെയും സ്വാധീനം വിസ്മരിക്കാവുന്നതല്ല. രാമപ്രസാദിന് തന്റെ ബാല്യത്തിൽ ആര്യസമാജത്തിലെ സ്വാമി സോമദേവുമായി നല്ല ബന്ധമുണ്ടായിരുന്നു. ശാഹ്ജഹാംപൂർ ആര്യസമാജത്തിൽ വസിച്ച് ദയാനന്ദ സരസ്വതിയുടെയും ആര്യസമാജത്തിന്റെയും സന്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ചായിരുന്നു രാമപ്രസാദ് വളർന്നത്. ഒരിക്കൽ ബാലനായ രാമപ്രസാദിന് ട്രയിനിൽ യാത്ര ചെയ്യേണ്ടിവന്നു. ആ സമയം അവൻ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. റയിൽവേ സ്റ്റേഷനിലെത്തി ടിക്കറ്റ് കൗണ്ടറിൽ നിന്നും ഒരു മൂന്നാം ക്ലാസ് ടിക്കറ്റ് കരസ്ഥമാക്കി. പ്ലാറ്റ്ഫോമിലെത്തിയപ്പോൾ ധനികരായ തന്റെ ചില സുഹൃത്തുക്കളെ കണ്ടു. അവരെല്ലാം രണ്ടാം ക്ലാസ്സ് ടിക്കറ്റായിരുന്നു എടുത്തിരുന്നത്. പെട്ടെന്ന് വണ്ടി വന്നു. അവരുടെ നിർബന്ധത്തിനുവഴങ്ങി രാമപ്രസാദിനും രണ്ടാം ക്ലാസ് കമ്പാർട്ട് മെന്റിൽ യാത്ര ചെയ്യേണ്ടി വന്നു. യാത്രയിലുടനീളം രാമപ്രസാദ് അസ്വസ്ഥനായിരുന്നു. ഇതു കണ്ട സുഹൃത്ത് അവനോട് ചോദിച്ചു. 'എന്തുപറ്റി നിനക്ക്' അവൻ മറുപടി പറഞ്ഞു. 'ഞാനീ കമ്പാർട്ടുമെൻറിൽ യാത്ര ചെയ്യുന്നത് ശരിയല്ല. എന്റെ കയ്യിൽ മൂന്നാം ക്ലാസ് ടിക്കറ്റാണുള്ളത്. ഇതിൽ യാത്ര ചെയ്യുമ്പോൾ ഞാൻ യഥാർത്ഥത്തിൽ മോഷണമാണ് ചെയ്യുന്നത്.'

സുഹൃത്തുക്കൾ ചിരിക്കാൻ തുടങ്ങി. അവർ പറഞ്ഞു. 'അതിലൊന്നും കാര്യമില്ല. നീ ഇവിടെത്തന്നെ ഇരിക്കൂ.' രാമപ്രസാദ് ആ മറുപടിയിൽ തൃപ്തനായിരുന്നില്ല. അവൻ അടുത്ത സ്റ്റേഷനിൽ ഇറങ്ങി. നേരേ സ്റ്റേഷൻ മാസ്റ്ററുടെ സമീപം ചെന്ന് പറഞ്ഞു. ' ശ്രീമൻ! ഞാൻ മൂന്നാം ക്ലാസ്സ് ടിക്കറ്റാണ് എടുത്തിരുന്നത്. അറിയാതെ രണ്ടാം ക്ലാസ്സ് കമ്പാർട്ട്മെൻറിൽ യാത്ര ചെയ്തു. ചെയ്ത തെറ്റിന് നിയമാനുസൃതം രണ്ട് ക്ലാസ്സിനുമിടയിലുള്ള തുക എന്നിൽ നിന്നും വസൂലാക്കിയാലും.' സ്റ്റേഷൻ മാസ്റ്റർ ആ ബാലന്റ ഉത്തരവാദിത്വബോധം കണ്ട് സന്തുഷ്ടനായി. അദ്ദേഹം ആ ബാലനോട് പറഞ്ഞു. 'കുട്ടീ, നിന്നെപ്പോലെയുള്ളവരെ കാണുമ്പോൾ ഏത് ദേശത്താണെങ്കിലും ആർക്കാണ് അഭിമാനം തോന്നാത്തത്.'

ഈ സത്യസന്ധതയും ധൈര്യവുമാണ് ആ ബാലനെ പ്രസിദ്ധനായ രാമപ്രസാദ് ബിസ്മിൽ എന്ന സ്വാതന്ത്ര്യ സമര സേനാനിയാക്കി മാറ്റിയത്.' ■

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

# സരസ്വതീ വന്ദനം

## सर्वत्र अपना प्रभाव छोड़

**सं सीदस्व महाँ असि', शोचस्व देववीतम:'।**

**वि धूममग्ने अरुषं मियेध्य'', सृज प्रशस्त दर्शतम्' ।। ऋग् १.३६.९**

**ऋषि: कण्व: घौर:। देवता अग्नि:। छन्द: बृहती।**

( **अग्ने** ) हे अग्नि-सदृश आत्मन्! [तू] ( **महान्** ) महान् ( **असि** ) है, ( **सीदस्व** ) सम्यक् स्थितिलाभ कर, ( **देव-वी-तम:'** ) अतिशय दिव्य गुणों को प्राप्त करने वाला, [होकर] ( **शोचस्व'** ) चमक। ( **मियेध्य'** ) हे पवित्रात्मन्! हे यज्ञार्ह! ( **प्रशस्त** ) हे प्रशस्त! [तू] ( **अरुषं'** ) अहिंसनीय, आरोचमान ( **दर्शतं** ) दर्शनीय ( **धूमं** ) [प्रभाव-रूप] धूम को ( **विसृज** ) छोड़।

"हे अग्नि! तू महान् है। तू यज्ञ कुण्ड में सम्यक् प्रकार से स्थित हो, चमक, अपने आरोचमान दर्शनीय धूम को छोड़।" यह उद्गार हम यज्ञाग्नि को सम्बोधत करते हुए प्रकट कर रहे हैं। पर वस्तुत: अग्नि की अन्योक्ति द्वारा वेद मनुष्य के आत्मा को प्रेरित कर रहा है। हे आत्मन्! तू अपने स्वरूप को पहचान, अपने अन्दर छिपी हुई शक्ति का आकलन कर। तू महान् है, महिमावान् है, तू और भी अधिक महिमा को प्राप्त कर। तू 'देव-वी-तम' बन। दिव्य-गुण-रूप देवों को प्राप्त करने वाला 'देव-वी' कहलाता है। तू साधारण 'देव-वी' नहीं, किन्तु सर्वातिशायी 'देव-वी' बन। तेरे अन्दर विविध दिव्य गुणों का ऐसा निवास हो कि उन दिव्य गुणों का तू आदर्श पुरुष कहलाने लगे। जब तू ऐसा आदर्श दिव्यगुणी पुरुष बन जाएगा, तब तू जगत् में चमकेगा, सर्वत्र तेरा गुणगान और यशोगान होगा। हे आत्मन्! हे मानव! तू संसार में अपनी विशेष स्थिति बना। यूँ ही जैसे-तैसे निरुद्देश्य जीवन व्यतीत कर देना और समय आने पर मृत्यु का ग्रास हो जाना स्पृहणीय वस्तु नहीं है। जैसे अग्नि यज्ञ कुण्ड में अपनी स्थिति बनाता है और वहाँ से बहु-ज्वाल होकर विस्तीर्ण होता है, वैसे ही तू समाज में अपनी विशेष स्थिति बनाकर अपना और अपने सम्पर्क में आने वाले अन्य व्यक्तियों का विकास कर।

हे आत्मन्! तू 'मियेध्य' है, मेध्य है, पवित्र और मेधार्ह (यज्ञ के योग्य) है। जो मेधार्ह होता है, वह हिंसा और संगम दोनों कार्यों को करता है'। अत: तुझे भी अशुभ वृत्तियों की हिंसा और शुभ वृत्तियों के साथ संगम करना है। साथ ही समाज में पनप रहे पाप और अधर्म का संहार करके पुण्य-कर्म एवं धर्म के साथ लोगों का संगम कराना है। हे आत्मन्! तू प्रशस्त है, जड़ प्रकृति की अपेक्षा उत्कृष्ट है। अपनी उस उत्कृष्टता को भी तू अक्षुण्ण बनाये रख। तू प्रकृति के वश में होकर '**भोगा न भुक्ता वयमेव भुक्ता:**'' की शोचनीय स्थिति को मत प्राप्त हो। जहाँ भी तू जाए, वहाँ अपने 'अरुष' (दुर्दम्य एवं आरोचमान) तथा 'दर्शत' (दर्शनीय) प्रभाव को छोड़, जैसे अग्नि धूम-शिखा को छोड़ती है। तेरे दिव्य जीवन की छाप अन्यों पर पड़नी चाहिए, तुमसे उठने वाले सुगन्धमय धूम से वातावरण प्रभावित होना चाहिए। हे अग्नि! हे आत्मन्! हे मानव! तू चमक, अपनी आभा को सर्वत्र प्रसारित कर।

**संकलन : आदित्यमुनि ऋषि उद्यान, अजमेर**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**

**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*RNI NO. KERMAL/2013/53849*
*Date of Publication 10/11/2024*
*REGISTERED NO. OTTAPALAM/5/2023-25*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) (Big Size)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് — Rs.250.00.
2. സത്യാർത്ഥപ്രകാശം (മലയാളം 2-ാം പതിപ്പ്) (Small Size)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് — Rs.100.00.
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ — Rs. 10.00
5. വേദാന്തിധ്വാന്ത നിവാരണം — Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ മീമാംസക്
6. പൂനാ പ്രവചനം (ഉപദേശമഞ്ജരി) — Rs.200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക്
7. ആര്യോദ്ദേശ്യരത്നമാല — Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക്
8. സംശയനിവാരിണി : ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 200.00
9. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ മീമാംസക് — Rs. 40.00
10. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ മീമാംസക് — Rs. 60.00
11. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ മീമാംസക് — Rs. 35.00
12. ശിവസങ്കല്പം - കെ.എം.രാജൻ മീമാംസക് — Rs. 30.00
13. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ മീമാംസക് — Rs. 40.00
14. വൈദിക ഈശ്വരൻ - കെ.എം.രാജൻ മീമാംസക് — Rs. 35.00
15. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ മീമാംസക് — Rs. 60.00
16. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ — Rs.250.00
17. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി,
    തർജ്ജമ : പി. നാരായണൻ — Rs 150.00
18. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 135.00
19. വ്യവഹാരഭാനു: - മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ: കെ.എം.രാജൻ മീമാംസക് — Rs. 90.00
20. ഹിന്ദു സംഘാടനം എന്തുകൊണ്ട് ? എങ്ങനെ ? : സ്വാമി ശ്രദ്ധാനന്ദൻ — Rs. 150.00
    തർജ്ജമ - കെ.എം.രാജൻ മീമാംസക്
21. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ മീമാംസക് — Rs. 60.00
22. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ മീമാംസക് — Rs. 75.00
23. ഗോകരുണാനിധി :- മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 50.00
24. ഞാൻ എന്തുകൊണ്ട് ക്രിസ്തുമതം ഉപേക്ഷിച്ചു? - ബ്ര. അരുൺ ആര്യവീർ — Rs. 100.00
    തർജ്ജമ: കെ.എം.രാജൻ മീമാംസക്

(തപാൽ ചെലവ് പുറമെ)

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ മീമാംസക്
2. ഋഗ്വേദത്തിന്റെ ഋക്സംഖ്യ - യുധിഷ്ഠിർ ജി. മീംമാസക്
   തർജ്ജമ : കെ.എം.രാജൻ മീമാംസക്

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

Email: dayanandasandesam@gmail.com Phone: 9446575923, 9497525923